"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജോയിന്റ് ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. ജെയ്‌സൺ കെ. ജോസ് ന്റെ പിതാവിന്റെ ചികിത്സയ്ക്ക് കോട്ടയം ഭാരത് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2940/2025/LSGD തീയതി,തിരുവനന്തപുരം, 10-12-2025

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P)No.144/2013/H&FWD
3. 15.12.2017-ലെ G.O.(Ms))No.184/2017/H&FWD
4. ശ്രീ. ജയ്‌സൺ കെ.ജോസ് ന്റെ 02.11.2021 - ലെ അപേക്ഷയും ബില്ലുകളും.
5. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീറുടെ 13.01.2022ലെ സി4-20631/2021 നം. കത്ത്.
6. പഞ്ചായത്ത് ഡയറക്ടറുടെ 07.07.2022- ലെ PAN/10349/2022-F2(DP) നമ്പർ കത്ത്.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.06.2025- ലെ LSGD/PD/7105/2023-DEG1 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജോയിന്റ് ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.ജെയ്‌സൺ കെ.ജോസിന്റെ പിതാവിന്റെ ചികിത്സയ്ക്ക് കോട്ടയം ഭാരത് ആശുപത്രിൽ ചെലവായ 99,803/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (5) -ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 65,298/- രൂപയുടെ 80% ആയ 52,238/- രൂപ (അമ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജോയിന്റ് ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.ജെയ്‌സൺ കെ.ജോസിന്റെ പിതാവിന്റെ ചികിത്സയ്ക്കായി 19.08.2021 മുതൽ 03.09.2021 വരെ കോട്ടയം ഭാരത് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിട്ടുള്ള 65,298/- രൂപയുടെ 80% ആയ 52,238/- രൂപ (അമ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ

വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,കോട്ടയം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ സീനിയർ ക്ലാർക്ക് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ശ്രീ.ജെയ്സൺ കെ.ജോസ്, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കോട്ടയം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/161/2022-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 11-12-2020 14:22:26